# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 127 — 06/03/2018 ൽ മറുപടിക്ക്

## തെരുവുനായ ശല്യം പരിഹരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി. ജോയി**<br>**ശ്രീ. ഇ.പി.ജയരാജൻ**<br>**ശ്രീ. ഒ.ആർ. കേളു**<br>**ശ്രീ. വി. അബ്ദുറഹിമാൻ** | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| **എ)** സംസ്ഥാനത്ത് തെരുവുനായ ശല്യം പരിഹരിക്കാനായി നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഇവ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; എ.ബി.സി. പദ്ധതി എത്രമാത്രം ഫലപ്രദമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | **എ)** വിലയിരുത്തിയിട്ടുണ്ട്.<br>സംസ്ഥാനത്ത് തെരുവുനായ ശല്യം പരിഹരിക്കുന്നതിനായിട്ടുള്ള എ.ബി.സി പ്രോഗ്രാം ജില്ലാ പഞ്ചായത്തിന്റേയും മൃഗ സംരക്ഷണ വകുപ്പിന്റേയും നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. കൂടാതെ പേവിഷ നിയന്ത്രണ വാക്സിനേഷൻ എല്ലാ വളർത്തു നായകൾക്കും നൽകുന്ന പരിപാടിയും തുടർന്നുവരുന്നു. ഈ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ പഞ്ചായത്തുകളിലും എ.ബി.സി റൂൾസിലെ ചട്ടം (4) പ്രകാരം മോണിറ്ററിംഗ് സമിതി രൂപീകരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നായശല്യം കുറയ്ക്കുന്നതിനായി റോഡുകളുടെ വശങ്ങളിലും പൊതു സ്ഥലങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ നിയന്ത്രണത്തിനായി നടപ്പിലാക്കിവരുന്ന എ.ബി.സി. പ്രോഗ്രാം ഒരു പരിധിവരെ ഫലപ്രദമാണെന്നാണ് കണ്ടുവരുന്നത്. |
| **ബി)** വയനാട് വൈത്തിരിയിൽ തൊഴിലാളി സ്ത്രീയെ നായ്ക്കൾ കടിച്ചുകീറി കൊന്ന സംഭവത്തിന്റെ പശ്ചാത്തലത്തിൽ നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് ഏർപ്പെടുത്തുന്നതിനും വളർത്തുനായ്ക്കളെ തെരുവിൽ അലയാൻ വിടുന്നവരെ കർശനമായി ശിക്ഷിക്കുന്നതിനും നടപടിയുണ്ടാകുമോ; | **ബി)** 1998 ലെ കേരള പഞ്ചായത്തിരാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 5(1) പ്രകാരം ലൈസൻസില്ലാതെയോ, ലൈസൻസുണ്ടെങ്കിൽ അതിലെ വ്യവസ്ഥകൾക്ക വിരുദ്ധമായോ, അലഞ്ഞുതിരിയാൻ അനുവദിച്ചു കൊണ്ടോ, പട്ടിയെ വളർത്തുന്ന ഏതൊരാൾക്കുമെതിരെ 250/- രൂപ പിഴ ചുമത്താൻ നിലവിൽ വ്യവസ്ഥയുണ്ട്. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 437 പ്രകാരം ഒരാൾക്ക് മുനിസിപ്പൽ / കോർപ്പറേഷൻ |

സെക്രട്ടറിയിൽ നിന്നും ലഭിച്ച ലൈസൻസ് കൂടാതെയും പേപ്പട്ടി വിഷത്തിനെതിരെ തന്റെ നായയെ കുത്തിവയ്പ്പിക്കാതെയും വളർത്താൻ പാടുള്ളതല്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥകൾ കർക്കശനമാക്കുന്നതിനെ സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധിക്കുന്നതാണ്.

**സി)** തെരുവുനായ പ്രശ്നം സംബന്ധിച്ച് സുപ്രീം കോടതി നിയോഗിച്ച റിട്ടയേർഡ് ജസ്റ്റിസ് സിരിജഗന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

**സി)** തെരുവുനായ ശല്യംമൂലമുള്ള നാശനഷ്ടം വിലയിരുത്തുന്നതിന് സുപ്രീംകോടതി നിയോഗിച്ചിട്ടുള്ള പ്രസ്തുത കമ്മിറ്റി തെരുവുനായകളുടെ ആക്രമണത്തിന് വിധേയരായവർക്ക് നഷ്ടപരിഹാരം ശുപാർശ ചെയ്തുകൊണ്ട് 9 റിപ്പോർട്ടുകൾ ഇതിനകം സുപ്രീംകോടതിയിൽ സമർപ്പിക്കുകയും ആയത് കോടതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടുകളിൽ ശുപാർശ ചെയ്തിട്ടുള്ള അർഹരായവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കാൻ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(signature)

സെക്ഷൻ ഓഫീസർ